"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

റവന്യൂ വകുപ്പ് - കൊല്ലം ജില്ലയിലെ ചാത്തന്നൂർ നിയമസഭാ മണ്ഡലത്തിൽ 'റവന്യൂ ഇ-സാക്ഷരത മിഷൻ ചാത്തന്നൂർ' എന്ന പേരിൽ നടപ്പിലാക്കാനുദ്ദേശിക്കുന്ന പദ്ധതിയ്ക്കായുള്ള പുതുക്കിയ പദ്ധതി നിർവ്വഹണ റിപ്പോർട്ടിന് അംഗീകാരം നൽകി ഉത്തരവ് പുറപ്പെടുവിയ്ക്കുന്നു.

---

**റവന്യൂ (എഫ്) വകുപ്പ്**

G.O.(Rt)No.171/2026/RD തീയതി,തിരുവനന്തപുരം, 22-01-2026

---

പരാമർശം:-

1. 01.11.2025 തീയതിയിലെ സ.ഉ(സാധാ)2537/2025/റവ നമ്പർ സർക്കാർ ഉത്തരവ്.
2. ലാൻഡ് റവന്യൂ കമ്മീഷണറുടെ 19.12.2025 തീയതിയിലെ LR/12111/2025-IT CELL 11 നമ്പർ കത്ത്.
3. ലാൻഡ് റവന്യൂ കമ്മീഷണറുടെ 31.12.2025 തീയതിയിലെ LR/12111/2025-IT CELL 11 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

റവന്യൂ വകുപ്പിൽ നിന്നും പൊതുജനങ്ങൾക്ക് നൽകുന്ന ഇ - സേവനങ്ങളെക്കുറിച്ച് കൂടുതൽ അവബോധമുള്ളവരാക്കുക എന്ന ഉദ്ദേശ്യത്തോടെ നടപ്പിലാക്കാനുദ്ദേശിച്ചിട്ടുള്ള 'ഇ-സാക്ഷരത ക്യാമ്പയിൻ' എന്ന പദ്ധതിയ്ക്ക് '5475-00-800-77-02 റവന്യൂ വകുപ്പിന്റെ കമ്പ്യൂട്ടർവൽക്കരണം (PV)' എന്ന ശീർഷകത്തിൽ നിന്നും 1 കോടി രൂപ ചെലവഴിക്കുന്നതിന് പരാമർശത്തിലെ ഉത്തരവ് പ്രകാരം സർക്കാർ ഭരണാനുമതി നൽകുകയുണ്ടായി.

2] തുടർന്ന്, പ്രസ്തുത പദ്ധതിയുമായി ബന്ധപ്പെട്ട് കൊല്ലം ജില്ലയിലെ ചാത്തന്നൂർ നിയമസഭാ മണ്ഡലത്തിൽ ജനപക്ഷം ചാത്തന്നൂർ എന്ന പദ്ധതിയുടെ ഭാഗമായി നടപ്പിലാക്കാനുദ്ദേശിക്കുന്ന റവന്യൂ ഇ-സാക്ഷരത മിഷൻ ചാത്തന്നൂർ പദ്ധതിയ്ക്കായി തയ്യാറാക്കിയിട്ടുള്ള 4,96,200/- രൂപയുടെ പദ്ധതി നിർവ്വഹണ റിപ്പോർട്ട് പ്രകാരം തെരഞ്ഞെടുക്കപ്പെടുന്ന സന്നദ്ധ പ്രവർത്തകർക്ക് ഒരു ക്ലാസ്സിന് 280/- രൂപ എന്ന നിരക്കിൽ ഓണറേറിയം നൽകുന്നതിന് അനുമതി നൽകണമെന്ന് ലാൻഡ് റവന്യൂ കമ്മീഷണർ പരാമർശം 2-ലെ കത്ത് പ്രകാരം അഭ്യർത്ഥിക്കുകയുണ്ടായി.

3] എന്നാൽ ടി പദ്ധതി രൂപരേഖ തയ്യാറാക്കിയപ്പോൾ ചാത്തന്നൂർ മണ്ഡലത്തിലെ ആകെ കുടുംബങ്ങളുടെ എണ്ണം 40,000 എന്നാണ് കണക്കാക്കിയതെന്നും എന്നാൽ യഥാർത്ഥത്തിൽ ആകെ കുടുംബങ്ങളുടെ എണ്ണം 65,000 വരുമെന്നും ആകയാൽ സന്നദ്ധ പ്രവർത്തകരുടെ എണ്ണം 30 ൽ നിന്നും 50 ആയി ഉയർത്തേണ്ടിവരുമെന്നും പുതുക്കിയ പദ്ധതി രൂപരേഖ സഹിതം ജില്ലാ കളക്ടർ റിപ്പോർട്ട് ചെയ്തിട്ടുള്ളതായും സന്നദ്ധ പ്രവർത്തകരുടെ ഓണറേറിയം 280/- രൂപയിൽ നിന്നും 200/- രൂപയാക്കി കുറച്ചതിനാൽ ഇപ്രകാരം സന്നദ്ധ പ്രവർത്തകരുടെ എണ്ണം ഉയർത്തിയാലും അത് പദ്ധതിച്ചെലവായ 4,96,200/- രൂപയിൽ വർദ്ധനവുണ്ടാക്കുകയില്ലെന്നും കൂടാതെ ടി പദ്ധതിയുടെ

നിർവഹണ ഉദ്യോഗസ്ഥനായി കൊല്ലം തഹസിൽദാരെ ചുമതലപ്പെടുത്തി ഉത്തരവാകണമെന്നും സന്നദ്ധ പ്രവർത്തകരുടെ തെരഞ്ഞെടുപ്പ് പ്രക്രിയ സംബന്ധിച്ച മാർഗ്ഗ നിർദ്ദേശങ്ങൾ ലഭ്യമാക്കണമെന്നും പരാമർശം 3-ലെ കത്ത് പ്രകാരം ലാൻഡ് റവന്യൂ കമ്മീഷണർ അഭ്യർത്ഥിക്കുകയുണ്ടായി.

4] സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. 'ഇ-സാക്ഷരത ക്യാമ്പയിൻ' എന്ന പദ്ധതി പ്രകാരം കൊല്ലം ജില്ലയിലെ ചാത്തന്നൂർ നിയമസഭാ മണ്ഡലത്തിൽ 'റവന്യൂ ഇ-സാക്ഷരത മിഷൻ ചാത്തന്നൂർ' എന്ന പേരിൽ നടപ്പിലാക്കാനുദ്ദേശിക്കുന്ന പദ്ധതിയ്ക്കായുള്ള 4,96,200/- രൂപയുടെ (നാല് ലക്ഷത്തി തൊണ്ണൂറ്റാറായിരത്തി ഇരുനൂറ് രൂപ മാത്രം) പുതുക്കിയ പദ്ധതി നിർവ്വഹണ റിപ്പോർട്ടിന് അംഗീകാരം നൽകി ഇതിനാൽ ഉത്തരവാകുന്നു.

5] പ്രസ്തുത പദ്ധതിയ്ക്ക് ആവശ്യമായ തുക പരാമർശം 1 പ്രകാരം ഭരണാനുമതി നൽകിയതിൻ പ്രകാരം '5475-00-800-77-02 റവന്യൂ വകുപ്പിന്റെ കമ്പ്യൂട്ടർവൽക്കരണം (PV) ' എന്ന ശീർഷകത്തിൽ നിന്നും വഹിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

T R JAYAPAL

ADDITIONAL SECRETARY

കമ്മീഷണർ, ലാൻഡ് റവന്യൂ, തിരുവനന്തപുരം

ജില്ലാ കളക്ടർ, കൊല്ലം

അക്കൗണ്ടന്റ് ജനറൽ (എ&ഇ/ഓഡിറ്റ്), കേരള, തിരുവനന്തപുരം

ധനകാര്യ വകുപ്പ് (17.01.2026 തീയതിയിലെ Exp-D1/12/2026-Fin പ്രകാരം)

വിവര പൊതുജന സമ്പർക്ക വകുപ്പ് (വെബ് & ന്യൂ മീഡിയ)

(വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)

കരുതൽ ഫയൽ/ ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
Misha C P
Date: 22-01-2026 13:18:23

സെക്ഷൻ ഓഫീസർ